# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി)
# സംസ്ഥാന പ്രവർത്തക സമിതി യോഗം SWC 05/2020
# 14.06.2020 സൂം മീറ്റിങ്ങ്

## മിനിട്സ്

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിങ്
3. പ്രിൻസിപ്പൽ നിയമനം
4. കോളേജ് സമയമാറ്റം
5. പുതിയ കോഴ്സുകൾ അനുവദിക്കൽ
6. പി.ജി.വെയിറ്റേജ്, വർക് ലോഡ്
7. പൊതുസ്ഥലംമാറ്റംമറ്റ് കാര്യങ്ങൽ

രാവിലെ 11 മണിക്ക് ഓൺലൈൻ വഴി ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. എം. സത്യൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന ട്രെഷറർ ഡോ. ഗീത നമ്പിയാർ എം. കെ അനുശോചന പ്രമേയം അവതരിപ്പിച്ചു.

**ഹാജർ**

ഡോ. എം. സത്യൻ, ഡോ. എൻ. മനോജ് , ഡോ. ഗീത നമ്പിയാർ എം. കെ., ഡോ. കെ. കെ. ദാമോദരൻ, ഡോ. രാജേഷ്കുമാർ പി., ഡോ. ഇമ്പിച്ചിക്കോയ കൗട്യമാക്കനകം, ഡോ. വിനു ഭാസ്ക്കർ, ശ്രീ. സന്തോഷ് ടി. വർഗീസ്, ഡോ. മുഹമ്മദ് റഫീഖ്, ഡോ. ചന്ദ്രമോഹൻ കെ. ടി., ഡോ. പ്രിൻസ് പി. ആർ., ഡോ. സുനിൽ വി. ടി., ഡോ. മാണിക്യരാജ്, ഡോ. ഷജില ബീവി, ഡോ. സുനിത എ. പി., ഡോ. ആലിക്കുട്ടി സി., ഡോ. ഷാനവാസ് പി. എച്, ശ്രീ. ശശി സി. ടി., ഡോ. ബേബി ഷീബ, ശ്രീ. സജിത്ത് കുമാർ പി., ഡോ. പ്രമോദ് സി., ശ്രീ. സോബിൻ വർഗീസ്, ശ്രീ. രഘുദാസ് പി. വി., ഡോ. സഞ്ചയ്കുമാർ എസ്. എച്ച്., ഡോ. ബാലസുബ്രഹ്മണ്യൻ, ഡോ. ജോജോമോൻ എൻ. എ., ഡോ. എം. എസ്. മുരളി, ശ്രീ. രഞ്ജിത് മോഹൻ, ഡോ. അനൂപ് ജെ. ആലക്കപ്പള്ളി, ശ്രീ. സന്തോഷ് കുമാർ എസ്., ഡോ. എ. ബാലകൃഷ്ണൻ, ഡോ. ഗ്രേഷ്യസ് ജെ., ഡോ. വിഷ്ണു വി.എസ്., ഡോ. റോസ്നികസ് പി. കെ., ഡോ. എം. എ. അസ്കർ, ഡോ. സെനോ ജോസ്, ഡോ. സുമിജോയി ഒലിയപ്പുറം, ഡോ. ബി. ഉണ്ണികൃഷ്ണൻ നായർ, ശ്രീ. ജയരാജ് ജെ., ഡോ. റിജുലാൽ ജി., ഡോ. രാജു. എം. സി, ഡോ. പ്രഗാഷ് ആർ

**അനുശോചനം**

കോവിഡ് മഹാമാരിയിൽ അകപ്പെട്ട് നമ്മെ വിട്ടു പിരിഞ്ഞ അനേകായിരം മനുഷ്യർ, ആരോഗ്യ പ്രവർത്തകർ, ഇക്കാലയളവിൽ മരണപ്പെട്ട കലാ, സാംസ്കാരിക, രാഷ്ട്രീയ മേഖലകളിലെ പ്രമുഖ വ്യക്തിത്വങ്ങൾ തുടങ്ങിയവരുടെ നിര്യാണത്തിൽ കമ്മറ്റി അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

പ്രിൻസിപ്പൽ നിയമനം സംബന്ധിച്ചു നമ്മുടെ മേഖലയിൽ ഒട്ടേറെ ആശങ്കകൾ നിലനിൽക്കുന്നുണ്ട്. സീനിയോരിറ്റി അനുസരിച്ചു ഡി.പി.സി. കൂടി പ്രിൻസിപ്പൽ നിയമനം നടത്തണം എന്നുള്ളതാണ് സംഘടനയുടെ നിലപാട്. ഇതിൽ മാറ്റം വരുത്താൻ സംഘടനാ സമ്മതിക്കില്ല. ഇത് സംബന്ധിച്ചു മുഖ്യമന്ത്രി, ഉന്നതവിദ്യാഭ്യാസവകുപ്പ് മന്ത്രി എന്നിവർക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 03-06-2020നു മന്ത്രി കെ.ടി.ജലീലും, പ്രിൻസിപ്പൽ സെക്രട്ടറിയും ആയി ചർച്ച നടക്കുകയും ഇതിൽ സീനിയോറിറ്റി മറികടന്നു നിയമനം നടത്തില്ല എന്ന് അവർ വാക്കാൽ പറഞ്ഞിട്ടുണ്ട്. അത് പ്രാവർത്തികമാവണമെങ്കിൽ 29-06-2019നു ഇറങ്ങിയ യു.ജി.സി. നടപ്പാക്കി കൊണ്ടിറങ്ങിയ ഉത്തരവിലെ പ്രിൻസിപ്പൽ നിയമനം സംബന്ധിച്ച ക്ലോസ് മാറ്റേണ്ടതുണ്ട്. അതിനായി ഫയൽ ധനകാര്യ വകുപ്പിലേക്ക് വിടാമെന്ന് അവർ സമ്മതിച്ചിട്ടുണ്ട്. അതിനു ശേഷം 10-06-2020നു സംഘടന നേതൃത്വം ധനകാര്യ വകുപ്പിൽ ചെന്ന് കാര്യങ്ങൾ അവരുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. 11-06-2020നു എഫ്.എസ്.ഇ.ടി.ഒ യുടെ സംസ്ഥാന സമിതിയിലും പ്രിൻസിപ്പൽ നിയമനം സംബന്ധിച്ചും ഉന്നതവിദ്യാഭ്യാസവകുപ്പു ഇറക്കുന്ന അദ്ധ്യാപക വിരുദ്ധമായ ഉത്തരവുകൾ സംബന്ധിച്ചും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 12-06-2020നു പ്രിൻസിപ്പൽ സെക്രട്ടറിയുമായി സംഘടനാ ജനറൽ സെക്രട്ടറിയും, വൈസ് പ്രസിഡന്റും ചർച്ച നടത്തുകയും, പ്രിൻസിപ്പൽ നിയമനം സീനിയോറിറ്റി മറികടന്ന് ചെയ്യരുത് എന്ന സംഘടനാ നിലപാട് അറിയിച്ചിട്ടുമുണ്ട്. എങ്കിലും ഇനിയും ഈ കാര്യത്തിൽ വളരെയേറെ കാര്യങ്ങൾ ചെയ്തു ഗുണപരമാക്കി എടുക്കേണ്ടതുണ്ട്.

കോളേജുകളുടെ സമയമാറ്റം കോവിടിന്റെ പശ്ചാത്തലത്തിൽ നാം സഹകരിക്കുന്നുണ്ടെങ്കിൽ പോലും ക്ലാസ് മുറികളിലേക്ക് കുട്ടികൾ എത്തുന്ന മുറയ്ക്ക് പഴയ ക്ലാസ് സമയം തന്നെ വേണം എന്നതാണ് സംഘടനാ നിലപാട്. സമയക്രമം സംബന്ധിച്ചു സംഘടനക്കുള്ള ആശങ്കയും ഉന്നതവിദ്യാഭ്യാസവകുപ്പു മന്ത്രിയെ അറിയിച്ചിട്ടുണ്ട്.

പി.ജി.വെയിറ്റേജ്, വർക്ക് ലോഡ് എന്നിവ സംബന്ധിച്ചു ഉത്തരവുകൾ തിരക്കിട്ടു ഇറക്കിയത് അനുചിതമാണെന്നും അത് പിൻവലിക്കണമെന്നുമാണ് സംഘടനയുടെ നിലപാട്. ഗവണ്മെന്റ് ഇതുമായി മുന്നോട്ടു പോകുന്ന പക്ഷം 01-06-2020 വരെയുള്ള തസ്തികകൾ അത് പോലെ തന്നെ നിലനിർത്തണമെന്നും സംഘടന ആവശ്യപ്പെട്ടിട്ടുണ്ട്.

പി.ജി.വെയിറ്റേജ് എടുത്തു കളയുന്ന പശ്ചാത്തലത്തിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത്, പുതിയ തസ്തിക സൃഷ്ടിക്കുന്നത് തുടങ്ങിയ കാര്യങ്ങൾ തീരുമാനിക്കും മുൻപ് ഈ മേഖലയിലെ അക്കാദമിക വിദഗ്ദ്ധരുമായും, ഈ മേഖലയിൽ പ്രവർത്തിക്കുന്ന അദ്ധ്യാപക സംഘടന കളുമായും കൂടിയാലോചന നടത്തണമെന്നും നാം ആവശ്യപ്പെട്ടിട്ടുണ്ട്.

പൊതുസ്ഥലമാറ്റത്തിലെ ഹോംസ്റ്റേഷൻ മാറ്റുന്ന മാനദണ്ഡം സംബന്ധിച്ച കാര്യത്തിൽ സംഘടന 19-03-2020നു തന്നെ ഉന്നതവിദ്യാഭ്യാസമന്ത്രിക്കു കത്ത് നൽകിയിരുന്നു. ഇത് സംബന്ധിച്ചു ഇത് വരെ സംഘടനകളുമായി ചർച്ച നടക്കാത്തതിനാൽ നിലവിലെ സ്ഥിതി തുടരണമെന്ന് മന്ത്രി പറഞ്ഞിരുന്നു.

എന്നാൽ അത് പ്രായോഗിക തലത്തിൽ ഡയറക്ടർ വരുത്തിയില്ല. ഇതിനെ സംബന്ധിച്ചു സംഘടന 01-06-2020നു ഉന്നതവിദ്യാഭ്യാസമന്ത്രിക്കു കത്ത് നൽകി. വിദ്യാഭ്യാസമന്ത്രിയുടെ നിർദേശത്തെ തുടർന്ന് 03-06-2020നു ഡയറക്ടർ ശ്രീമതി വിഘ്നേശ്വരി IAS, സംഘടനയെ ചർച്ചക്ക് വിളിക്കുകയും ഇതിൽ പഴയപടി കാര്യങ്ങൾ ചെയ്യുന്നതിന് അനുമതി ലഭിക്കുന്നതിലേക്കായി ഫയൽ ഉന്നതവിദ്യാഭ്യാസ വകുപ്പിലേക്ക് വിട്ടിട്ടുണ്ട്. 12-06-2020നു ഈ കത്ത് സംഘടനയുടെ ഇടപെടലിന്റെ ഭാഗമായി ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്മെന്റിൽ നിന്നും P&ADയിലേക്ക് പോയിട്ടുണ്ട്. ഇത് എത്രയും വേഗം നമുക്ക് അനുകൂലമായ ഉത്തരവാക്കി ട്രാൻസ്ഫർ നടത്താൻ ഉള്ള നടപടി സ്വീകരിക്കും. എം.ജി. സർവകലാശാല സെനറ്റ് തിരഞ്ഞെടുപ്പിൽ നമ്മുടെ മൂന്ന് സ്ഥാനാർഥികളിൽ ഡോ. സുമിജോയി ഒലിയപ്പുറം, ഡോ. വിനീഷ് കെ. എ. എന്നിവരാണ് വിജയിച്ചത്. നമ്മുടെ ഒരു സ്ഥാനാർഥി വിജയിക്കുകയുണ്ടായില്ല.

പ്ലേസ്മെന്റ് സംബന്ധിച്ചു 23-02-2016നു എയ്ഡഡ് കോളേജിന് വേണ്ടി ഇറക്കിയ ഉത്തരവ് നമുക്ക് കൂടി ബാധകമാക്കുന്നതിനുള്ള ഇടപെടൽ നടത്തും. യുജിസി ഏഴാം പദ്ധതി അനുസരിച്ചു ഓപ്ഷൻ കൊടുക്കാനുള്ളവർ ആ കാര്യങ്ങൾ ഉടനെ ചെയ്യണം.

NIRF റാങ്കിങ്ങിൽ യൂണിവേഴ്സിറ്റി കോളേജ് തിരുവനന്തപുരം, സർക്കാർ വനിതാ കോളേജ് തിരുവനന്തപുരം. ഗവണ്മെന്റ് കോളേജ് കാസറഗോഡ്, ഗവണ്മെന്റ് ആർട്സ് കോളേജ് തിരുവനന്തപുരം എന്നിവ മികച്ച വിജയം കരസ്ഥമാക്കി. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച നമ്മുടെ അദ്ധ്യാപക സുഹൃത്തുക്കളെ സംഘടന സംസ്ഥാന പ്രവർത്തക സമിതിക്കു വേണ്ടി അഭിവാദ്യം ചെയ്യുന്നു.

ജില്ലാ കമ്മിറ്റികൾ ചേരുമ്പോൾ ജില്ലാ വനിതാ സബ് കമ്മിറ്റി കൺവീനർമാരെ തിരഞ്ഞെടുക്കേണ്ടതുണ്ട്. ഈ വർഷം നമുക്ക് ഏറെ സംഘർഷം നിറഞ്ഞതാണ്. ഒത്തൊരുമയോടെ പരസ്പരവിശ്വാസത്തോടു കൂടി കൂട്ടായി നിന്ന് വേണം നമുക്ക് ഇതിനെ നേരിടാൻ. കോവിടിന്റെ പശ്ചാത്തലത്തിൽ സംഘടനാ പ്രവർത്തനം നിശ്ചലമാകുന്ന അവസ്ഥയുണ്ട്. ഇതിനെ നാം തരണം ചെയ്യണം. എത്രയും വേഗം സംഘശബ്ദം ഇറക്കണം, കഴിഞ്ഞ നാലു വർഷത്തെ ഇടതുപക്ഷ സർക്കാരിന്റെ നേട്ടങ്ങളെയും, ഇപ്പോഴത്തെ പ്രശ്നങ്ങളെയുമൊക്കെ അംഗങ്ങൾക്കിടയിൽ അർത്ഥ ശങ്കക്കിടയില്ലാതെ ബോധ്യപെടുത്തുന്നത്തിന്റെ ഭാഗമായി ഒരു വിശദീകരണകുറിപ്പ് ഇറക്കണം, മെമ്പർഷിപ് പ്രവർത്തനം തുടങ്ങണം, യൂണിറ്റ് സന്ദർശനം ഏതു രീതിയിൽ വേണം എന്ന് തീരുമാനിക്കണം. ജില്ലാതലത്തിൽ വേണോ മേഖലാതലത്തിൽ വേണോ എന്ന് തീരുമാനിക്കണം.

ഇപ്പോൾ പലരുടെയും ഫോൺ വിളികളിൽ നിന്നും ആശങ്കകളിൽ നിന്നും നമുക്ക് മനസിലാകുന്നത് സംസ്ഥാന സമിതി ചേർന്നതിനു ശേഷം ജില്ലാ, യൂണിറ്റ് തല സമിതികൾ യഥാവിധി ചേരുന്നില്ല. ആ വീഴ്ച നാം പരിഹരിക്കണം. ഉടൻ തന്നെ ജില്ലാ കമ്മിറ്റികൾ വിളിച്ചു ചേർക്കുകയും അതിനു ശേഷം യൂണിറ്റ് കമ്മിറ്റികൾ ചേരേണ്ടതുമുണ്ട്. ട്രാൻസ്ഫർ സംബന്ധിച്ചും, വ്യക്തിപരമായുമുള്ള പരാതികളുമെല്ലാം നേരിട്ട് സംസ്ഥാന നേതൃത്വത്തെ അറിയിക്കാതെ യൂണിറ്റ്-ജില്ലാ കമ്മിറ്റികൾ മുഖാന്തിരം വേണം അറിയിക്കാൻ.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിന് ശേഷം, സംഘടന വൈസ് പ്രസിഡണ്ട് മാരും, മേഖല സെക്രട്ടറിമാരും, സംസ്ഥാന പ്രവർത്തക സമിതി അംഗങ്ങളും, എല്ലാ ജില്ലാ സെക്രട്ടറിമാരും റിപ്പോർട്ടിൻ മേൽ വിശദമായി ചർച്ച ചെയ്യുകയും, അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു. തുടർന്ന് താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

**തീരുമാനങ്ങൾ**

1. വിശദീകരണക്കുറിപ്പ് തയ്യാറാക്കാൻ തീരുമാനിച്ചു. ഇതിനായി ജനറൽ സെക്രട്ടറി, പ്രസിഡന്റ്, ട്രഷറർ, സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. ഇമ്പിച്ചിക്കോയ എന്നിവരെ ചുമതലപ്പെടുത്തി. ഈ ആഴ്ച തന്നെ വിശദീകരണ കുറിപ്പ് തയ്യാറാവണം.
2. സംഘശബ്ദം ജൂലൈ ഒന്നാം ആഴ്ച പ്രസിദ്ധീകരിക്കാനും അതിന്റെ എഡിറ്റോറിയൽ ബോർഡ് അംഗങ്ങളുടെ കാര്യത്തിൽ തീരുമാനം എടുക്കാൻ സംസ്ഥാന ജനറൽ സെക്രട്ടറിയെയു സംഘശബ്ദം എഡിറ്റർ ഡോ. മുഹമ്മദലി അസ്ക്കറിനെയും ചുമതലപ്പെടുത്തി.
3. വനിതാ സബ് കമ്മിറ്റി കൺവീനർ മാരെ ജില്ലാ കമ്മിറ്റി ചേർന്ന് തീരുമാനിക്കണം
4. ഓൺലൈൻ പഠന സൗകര്യം ഇല്ലാത്ത കുട്ടികളുടെ കണക്ക് യൂണിറ്റ് തലത്തിൽ ശേഖരിച്ച് ജൂൺ 19നു മുമ്പ് ജില്ലാ സെക്രട്ടറിമാർ നല്കണം.
5. ഉടനെ തന്നെ ജില്ലാ, യൂണിറ്റ് കമ്മറ്റികൾ ചേരണം
6. മെമ്പർഷിപ്പ് പ്രവർത്തനം ആരംഭിക്കണം
7. യൂണിറ്റ് വിസിറ്റുകൾ മേഖല തലത്തിൽ കൈകാര്യം ചെയ്യണം
8. സംസ്ഥാന സമ്മേളന കണക്ക് അടുത്ത കമ്മിറ്റി വിശദമായി ചർച്ച ചെയ്യും
9. ഡിസിഇ ഓഫീസുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ അടിയന്തരമായി സംഘടനാ നേതൃത്വം ഇടപെടും
10. പ്രിൻസിപ്പൽ നിയമനം, ഏപ്രിൽ ഒന്നിലെ ഉത്തരവ് ഓൺലൈൻ ക്ലാസ്സ്, പുതിയ കോഴ്സുകൾ എന്നിവയെ സംബന്ധിച്ച ആശങ്ക വേണ്ടപ്പെട്ടവരെ വീണ്ടും അറിയിക്കാനും ആശങ്ക പരിഹരിക്കാനും ശ്രമിക്കും
11. സർവ്വകലാശാല പരീക്ഷ സംബന്ധമായ വിഷയങ്ങളിലും സംഘടന സജീവമായ ഇടപെടൽ നടത്തും
12. പ്ലെയ്സ്മെന്റ് അരിയർ ഒരു നിശ്ചിത ശതമാനം സംഘടനയ്ക്ക് നല്കാനുള്ളവർ അത് ഇതിനായി ആരംഭിച്ച അക്കൗണ്ടിലേക്ക് നല്കണം. അതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ നാം ജില്ലാ-യൂണിറ്റ് തലങ്ങളിൽ നടത്തേണ്ടതുണ്ട്.

യോഗം വൈകിട്ട് 5.30നു അവസാനിച്ചു

അഭിവാദ്യങ്ങളോടെ

ഡോ. എൻ. മനോജ്
ജനറൽ സെക്രട്ടറി

14.06.2020